# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2313
## 23-03-2012 - ൽ മറുപടിയ്ക്ക്

## ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു വ്യവസായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു വ്യവസായം എന്ന മുൻസർക്കാരിന്റെ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു വ്യവസായം എന്ന മുൻ സർക്കാർ പദ്ധതിപ്രകാരം വ്യവസായം സ്ഥാപിക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്ന, അമ്പലപ്പുഴ, ചേലക്കര പൊന്നാനി എന്നീ മൂന്ന് നിയോജക മണ്ഡലങ്ങളിൽ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മേൽ പദ്ധതിപ്രകാരം SIDCO, 7 (ഏഴ്) വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. നിയമസഭാ സാമാജികർ, ത്രിതല പഞ്ചായത്തധികാരികൾ എന്നിവരുമായി സഹകരിച്ച് ഇതിലേയ്ക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി SIDCO സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ പൗണ്ട്കടവ്, ചെറുവയ്ക്കൽ, കഠിനംകുളം, അണ്ടൂർക്കോണം, തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി, കട്ടിപ്പാറ കണ്ണൂർ ജില്ലയിലെ പെരിങ്ങോംവയക്കര എന്നിവിടങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ SIDCO നടത്തിവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിക്കായി എതെല്ലാം പ്രദേശങ്ങളിൽ മുൻസർക്കാർ സ്ഥലം ഏറ്റെടുത്തിരുന്നു; | (ബി) പ്രസ്തുത പദ്ധതിയ്ക്കായി മുൻസർക്കാർ സ്ഥലം ഏറ്റെടുത്തിട്ടില്ല. എന്നാൽ ചേലക്കര നിയോജക മണ്ഡലത്തിലെ വരവൂർ വില്ലേജിൽപ്പെട്ട 8.285 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 194/- ലക്ഷം രൂപ വ്യവസായ വാണിജ്യ വകുപ്പിൽനിന്നും തൃശ്ശൂർ ജില്ലാകളക്ടർക്ക് നല്കിയിട്ടുണ്ട്. മേൽ വസ്തുവിന്റെ ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിക്കൊടുക്കുന്നകാര്യം സർക്കാർ പരിഗണനയിലാണ്. |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പ്രദേശങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളികേരാധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ വേളം പഞ്ചായത്തിൽ 115 ഏക്കർ ഭൂമി 'അഡ്വാൻസ് പൊസഷൻ ആയി' KSIDC യ്ക്കും മറൈൻപാർക്ക് സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ KINFRA യ്ക്കും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ